**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 945** **10-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂലമുള്ള തൊഴിൽ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | പാരലൽ കോളേജ് അദ്ധ്യാപകർ, അലക്ക് തൊഴിലാളികൾ, പ്രൈവറ്റ് ബസ് ജീവനക്കാർ എന്നിവർ കോവിഡ് മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട് നിത്യപട്ടിണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില വിഭാഗക്കാർക്ക് താല്ക്കാലികമായി തൊഴിലിൽ ഏർപ്പെടാൻ പറ്റാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ആരും നിത്യപട്ടിണിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇവരുടെ ക്ഷേമത്തിനായി സർക്കാർ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | കോവിഡ്-19 മഹാമാരിയുടെ ഒന്നാം ഘട്ടത്തിലെ ലോക്ക്ഡൗൺ കാരണം പൂർണ്ണമായോ ഭാഗികമായോ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന് കീഴിലുള്ള സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 1000/- രൂപ മുതൽ 3000/- രൂപ വരെ വിവിധ ബോർഡുകൾ വഴി സർക്കാർ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള 5 ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 1000/- രൂപ മുതൽ 5000/- രൂപ വരെ ധനസഹായം തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിരുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ടാം ഘട്ടത്തിൽ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് സർക്കാർ 1000/- രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് (അൺഅറ്റാച്ച്ഡ്) എന്നീ അഞ്ച് ബോർഡുകൾ ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത തൊഴിലാളികൾക്ക് തനത് ഫണ്ടിൽ നിന്നും ധനസഹായം വിതരണം ചെയ്തുവരുന്നു. തൊഴിൽ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ കിഴിലുള്ള മറ്റ് ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും 1000/-രൂപ വീതം ധനസഹായം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ